09/05/2026

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. K S **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 09/05/2026

1. കാർഷിക മേഖലയെ സ്മാർട്ടാക്കാൻ സഹായകരമായ പുതുമയുള്ള കാർഷിക ആശയങ്ങൾ കാർഷിക സർവ്വകലാശാലയിലൂടെ സംരംഭമാക്കാം. PM -RKVY- പദ്ധതിയിലൂടെ കേരള കാർഷിക സർവകലാശാല നടപ്പിലാക്കുന്ന അഗ്രിപ്രണർഷിപ്പ് ഓറിയന്റേഷൻ പ്രോഗ്രാം, സ്റ്റാർട്ട് അപ്പ് ഇൻക്യൂബേഷൻ പ്രോഗ്രാം എന്നിവയിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. സ്മാർട്ട് കൃഷി രീതികൾ, കാർഷിക ഉത്പാദനത്തിനുള്ള അസംസ്കൃത വസ്തുക്കൾ, പുതിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, കാർഷിക യന്ത്രങ്ങൾ, മാലിന്യ സംസ്കരണ മാർഗങ്ങൾ എന്നിങ്ങനെ പുതുമയുള്ള കാർഷിക ആശയങ്ങൾക്ക് സർവകലാശാലയിലെ അഗ്രിബിസിനസ് ഇൻക്യൂബേറ്ററിലൂടെയാണ് സേവനങ്ങൾ നൽകുന്നത്. പുതുമയുള്ള കാർഷിക ആശയങ്ങൾ സംരംഭമാക്കാൻ ആഗ്രഹിക്കുന്നവർക്കും, വിദ്യാർത്ഥികൾക്കും നിലവിൽ സംരംഭം തുടങ്ങിയവർക്കും പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കാം. കാർഷിക മേഖലയിലെ വ്യത്യസ്ത ആശയങ്ങളുള്ളവരും വിദ്യാർത്ഥികളും അവരുടെ ആശയങ്ങൾ

പ്രോട്ടോടൈപ്പുകളായി വികസിപ്പിക്കുന്നതിനായി അഗ്രിപ്രണർഷിപ്പ് ഓറിയന്റേഷൻ പ്രോഗ്രാമിലേക്കും (കെ.എ.യു. റെയ്സ് 2026), സംരംഭം തുടങ്ങിയവർ നിലവിലുള്ള പ്രോട്ടോടൈപ്പുകളുടെ വാണിജ്യവൽക്കരണത്തിനായി സ്റ്റാർട്ട് അപ്പ് ഇൻക്യൂബേഷൻ പ്രോഗ്രാമിലേക്കുമാണ് (കെ.എ.യു. പെയ്സ് 2026) അപേക്ഷിക്കേണ്ടത്. കെ.എ.യു. റെയ്സ് 2026 പ്രോഗ്രാമിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒരു മാസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടിയും പരിശീലനം വിജയകരമായി പൂർത്തിയാക്കിയവരിൽ നിന്നും തിരഞ്ഞെടുത്തവർക്ക് 5 ലക്ഷം രൂപ വരെ ഗ്രാന്റും ലഭിക്കും. പുതുമയുള്ള ആശയങ്ങളുള്ള വിദ്യാർത്ഥികൾക്ക് 4 ലക്ഷം രൂപ വരെ ധനസഹായവും ലഭ്യമാക്കുന്നു. കെ.എ.യു. പെയ്സ് 2026 പ്രോഗ്രാമിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രോട്ടോടൈപ്പുകളുടെ വാണിജ്യവൽക്കരണത്തിനായുള്ള വിദഗ്ധ മാർഗനിർദ്ദേശങ്ങളും സാങ്കേതിക സാമ്പത്തിക സഹായവും 15 ദിവസത്തെ അധിക ഇൻക്യൂബേഷൻ വർക്ക്ഷോപ്പും അഗ്രിബിസിനസ് ഇൻക്യൂബേഷൻ സൗകര്യം ഉപയോഗപ്പെടുത്താനുള്ള അവസരവും ലഭ്യമാകും. വിവിധ ഘട്ട സ്ക്രീനിംഗുകൾക്ക് ശേഷം തിരഞ്ഞെടുക്കപ്പെടുന്ന

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സ്റ്റാർട്ട് അപ്പുകൾക്ക് പരമാവധി 25 ലക്ഷം രൂപ വരെ ഗ്രാന്റും ലഭ്യമാകും. കൂടുതൽ വിവരങ്ങൾക്ക് rabi.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 9778436265 / 0487 243 8332 / 9497650150/ 9496979543 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യാം. നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകൾ rabi@kau.in എന്ന ഇ-മെയിൽ വിലാസത്തിലേക്കോ അഗ്രിബിസിനസ് ഇൻക്യൂബേറ്ററിലേക്ക് പോസ്റ്റ് വഴിയോ ഗൂഗിൾ ഫോം മുഖേനയോ അയക്കാവുന്നതാണ്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 16.05.2026 വൈകിട്ട് 4 മണി. അയക്കേണ്ട വിലാസം ഡോ. കെ. പി. സുധീർ, അഗ്രിബിസിനസ് ഇൻക്യൂബേറ്റർ മേധാവി, കാർഷിക എഞ്ചിനീയറിംഗ് വിഭാഗം, കാർഷിക കോളേജ്, കേരള കാർഷിക സർവകലാശാല വെള്ളാനിക്കര, തൃശ്ശൂർ - 680 656.

2. വെള്ളാനിക്കര കാർഷിക സർവ്വകലാശാലയിലെ ഫലവർഗ്ഗ വിഭാഗത്തിന്റെ കീഴിൽ, ആഞ്ഞിലി ചക്കയുടെ (അയനി ചക്ക) ഗുണമേന്മയും വ്യാവസായിക അടിസ്ഥാനത്തിലുള്ള സാധ്യതകളെയും കുറിച്ചുള്ള ഒരു പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നു. കർഷകരുടെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പുരയിടങ്ങളിൽ ഇപ്പോൾ സ്ഥിതി ചെയ്യുന്ന ആഞ്ഞിലി (അയനി) മരങ്ങളുടെ ചക്കയുടെ ഗുണമേന്മ സംബന്ധിച്ചിട്ടുള്ള പഠനമാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. അത്തരം ആഞ്ഞിലി മരങ്ങൾ വളർത്തുന്ന കർഷകർ **9995155346** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. റബ്ബർബോർഡ് ഇപ്പോൾ നടപ്പാക്കിവരുന്ന തൈ നടീൽ, റെയിൻഗാർഡിങ്, മരുന്നുതളി തുടങ്ങിയവയ്ക്ക് സാമ്പത്തിക സഹായം നൽകുന്ന കേന്ദ്രപദ്ധതികൾ നിലവിലുള്ള നിരക്കിൽ 2026-27 കാലയളവിലും തുടരും. റബ്ബർബോർഡിന്റെ അംഗീകാരമുള്ള നഴ്സറികളിൽ നിന്ന് വാങ്ങുന്ന കൂടതൈകളും കപ്പതൈകളും ഉപയോഗിച്ച് കൃഷിചെയ്യുന്നവർക്ക് മാത്രമേ നടീലിനുള്ള സാമ്പത്തിക സഹായം നൽകുകയുള്ളൂ. ഇപ്രകാരം നടീൽവസ്തുക്കൾ വാങ്ങിയതിന്റെ ബില്ല് ധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കണം. റെയിൻഗാർഡിങ്ങിനും മരുന്നുതളിക്കുന്നതിനും ധനസഹായം നൽകുന്നതിനുള്ള പദ്ധതികൾ റബ്ബറുത്പാദകസംഘങ്ങൾ (ആർ.പി.എസ്.) വഴിയാണ് നടപ്പാക്കുക. റബ്ബറുത്പാദകസംഘങ്ങൾ

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വാങ്ങിയ വസ്തുക്കളുടെ ജി.എസ്.റ്റി. ബിൽ കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കണം. അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സമയക്രമം പിന്നീട് അറിയിക്കുന്നതായിരിക്കും.

## പരിശീലന പരിപാടി

4. കോളേജ് ഓഫ് ഡയറി സയൻസ് ആന്റ് ടെക്നോളജി, പൂക്കോട് സംഘടിപ്പിക്കുന്ന രണ്ട് ദിവസത്തെ മൂല്യ വർദ്ധിത പാൽ ഉൽപന്നങ്ങളുടെ നിർമ്മാണ പ്രായോഗിക പരിശീലന പരിപാടി **"പാൽ പൊലിമ 26"** നടത്തുന്നു. 2026 മെയ് 12, 13 തീയ്യതികളിൽ നടക്കുന്ന പരിപാടിയിൽ പേട, പനീർ, പനീർ അച്ചാർ, തൈര്, ലസ്സി, ഫ്ലേവേഡ് മിൽക്ക്, കുക്കിസ്, നെയ്യ്, സിപ് അപ്പ് എന്നീ പാൽ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം ഉൾപ്പെടുത്തിയിരിക്കുന്നു. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് യൂണിവേഴ്സിറ്റിയുടെ സർട്ടിഫിക്കറ്റ് ലഭിക്കുന്നതായിരിക്കും. 2026 മെയ് 10ന് രജിസ്ട്രേഷൻ അവസാനിക്കുന്നതാണ്. ക്ലാസ്സിൽ പങ്കെടുക്കാൻ താത്പര്യപ്പെടുന്നവർ 8086623621, 8547014842 എന്നീ ഫോൺ നമ്പറിൽ ബന്ധപെടുക. രജിസ്ട്രേഷൻ ഫീസ് 1000/ രൂപ.

റേഞ്ച് ലൈബ്രറി, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## 5. കാർഷിക നിർദേശം

കാലവർഷ മഴയ്ക്ക് മുൻപായി കുരുമുളകിനായുള്ള താങ്ങു മരങ്ങൾ നടാവുന്നതാണ്. മുരിക്ക്, കിളിഞ്ഞിൽ, പെരുമരം, സുബാബുൾ തുടങ്ങിയവയാണ് കുരുമുളക് വളർത്തുന്നതിന് അനുയോജ്യമായ താങ്ങു മരങ്ങൾ. കാലവർഷത്തിൻറെ മുന്നൊരുക്കമായി കുരുമുളകിന്റെ വള്ളികളിൽ 1 % വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക ഇത് കുരുമുളകിലെ ദ്രുത വാട്ടത്തെ പ്രതിരോധിക്കുന്നതിന് സഹായിക്കും. കൂടാതെ കുരുമുളക് കൊടി ഒന്നിന് 500 ഗ്രാം കുമ്മായം ഇട്ടു കൊടുക്കുകയും ചെയ്യുക. ട്രൈക്കോഡെർമ്മ സമ്പുഷ്ടീകരിച്ച ചാണകം 1 കിലോ ഒരു തടത്തിൽ എന്ന തോതിൽ ഇട്ടു കൊടുക്കുന്നതും രോഗങ്ങൾക്കെതിരെ ഫലപ്രദമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം